**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - നായരംബലം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. റ്റി.ആർ ജയശങ്കറിന് സിനിമാ മേഖലയിൽ പ്രവർത്തിക്കുന്നതിന് ഉപാധികളോടെ അനുമതി നൽകി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ.(ആർ.റ്റി) നം.2011/ 2016/തസ്വഭവ                    തീയതി, തിരുവനന്തപുരം.28/06/2016**

---

പരാമർശം: 1. ശ്രീ. റ്റി.ആർ. ജയശങ്കറിന്റെ 22/05/2015 തീയതിയിലെ അപേക്ഷ.

2. പഞ്ചായത്ത് ഡയറക്ടറുടെ 28/10/2015, തീയതിയിലെ ഇ 10- 35191/1 നമ്പർ കത്ത്.

## <u>ഉത്തരവ്</u>

എറണാകുളം ജില്ലയിലെ നായരംബലം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. റ്റി.ആർ. ജയശങ്കറിന് ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാതെയും സാമ്പത്തിക പ്രതിഫലമോ മറ്റ് ആനുകൂല്യങ്ങളോ കൈപ്പറ്റാതെയും സിനിമാ അഭിനയ മേഖലയിൽ പ്രവർത്തിക്കുന്നതിന് അനുമതിയ്ക്കായി പരാമർശം 1 പ്രകാരം സമർപ്പിച്ച അപേക്ഷ പഞ്ചായത്ത് ഡയറക്ടർ പരാമർശം 2 പ്രകാരം സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 48 ന്റെ ഒന്നാം പ്രൊവിസോ പ്രകാരം ഒരു സർക്കാർ ജീവനക്കാരന് തന്റെ ഔദ്യോഗിക കൃത്യനിർവ്വഹണത്തിന് തടസ്സം വരാത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ സാഹിത്യം, കല, ശാസ്ത്രം,എന്നിവയുടെ സ്വാഭാവജന്യമായ വല്ലപ്പോഴുമുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടാവുന്നതാണ് എന്നാൽ സർക്കാർ ആവിധം നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലാത്തതാകുന്നു. സ്വകാര്യ വ്യക്തികളാലോ സ്ഥാപനങ്ങളാലോ സ്പോൺസർ ചെയ്യപ്പെടുന്ന പരിപാടികളിലോ സിനിമ/സീരിയൽ രംഗത്തോ പ്രവർത്തിക്കുന്നതിന് അനുമതി നൽകാൻ നിലവിൽ വ്യവസ്ഥയില്ല. ഈ കേസ്സിൽ ശ്രീ. ജയശങ്കർ ഔദ്യോഗിക കൃത്യ നിർവഹണത്തിന് തടസ്സം വരാതെ അവധി ദിവസങ്ങളിൽ ഒന്നോ രണ്ടോ ദിവസത്തെ ഷൂട്ടിംഗ് മാത്രമായിരിക്കുമെന്നും ആയതിന് അനുമതി നൽകണമെന്നുമാണ് അപേക്ഷിച്ചിരിക്കുന്നത്.

മേൽ സാഹചര്യത്തിൽ നായരംബലം ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റായ ശ്രീ. റ്റി.ആർ. ജയശങ്കറിന് കേരള സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങൾ 1960-ലെ ചട്ടം 48 ന്റെ ഒന്നാം പ്രൊവിസോ പ്രകാരം യാതൊരു പ്രതിഫലവും കൈപ്പറ്റാൻ പാടില്ലെന്നും ഔദ്യാഗിക കൃത്യനിർവ്വഹണത്തിന് ഭംഗം വരുത്താൻ പാടില്ലെന്നും സർക്കാരിനെയോ സർക്കാർ നയങ്ങളെയോ ഏതെങ്കിലും തരത്തിൽ

വിമർശിയ്ക്കാൻ പാടില്ലെന്നും ഒരു തുടർപ്രവർത്തനമായി ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടാൻ പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ സിനിമാ അഭിനയത്തിന് നിലവിലുള്ള വ്യവസ്ഥയിൽ ഇളവ് വരുത്തി അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ശ്രീകല. സി.എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ , എറണാകുളം

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, നായരംബലം ഗ്രാമ പഞ്ചായത്ത്.

ശ്രീ. റ്റി.ആർ. ജയശങ്കർ, ഓഫീസ് അറ്റൻഡന്റ്, നായരംബലം ഗ്രാമ പഞ്ചായത്ത്(നായരംബലം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി മുഖേന)

ഉദ്യോഗസ്ഥഭരണ പരിഷ്കാരവകുപ്പ് (1575/എ 2/2016/ഉഭപവ തീയതി, 04/02/2016)

ഡയറക്ടർ, ഐ കെ എം (വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ